# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1586 — 10/02/2020-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഇതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിന് ഭവനസമുച്ചയങ്ങൾ വഴി ഫ്ളാറ്റുകൾ നൽകുന്നതിനായി 85 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണസ്ഥാപന ങ്ങളുടെയും ഉടമസ്ഥതയിലുള്ള 229 പുതിയ സ്ഥലങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ സ്ഥലപരിശോധന ജില്ലാതലത്തിൽ നടന്നുവരികയാണ്. ഇടുക്കി ജില്ലയിൽ അടിമാലിഗ്രാമപഞ്ചായത്തിൽ 163 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഫ്ളാറ്റ് നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും, 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷൻറെ സഹായത്തോടുകൂടി ബനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി മാതൃകയിൽ ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എയുടെ മേൽനോട്ടത്തിൽ നിർമ്മിക്കാനുള്ള ഭവനസമുച്ചയത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെൻറുകളടങ്ങിയ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ചുനൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രാരംഭനടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3)) ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്.<br>സഹകരണവകുപ്പിൻറെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു. |
| ബി) | ഓരോ ജില്ലയിലും ഭവനസമുച്ചയ നിർമ്മിതിക്കായി എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) | ഭവനസമുച്ചയ നിർമ്മിതിക്കായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| സി) | പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ വീടിന് അർഹതപ്പെട്ട എത്രപേരുണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയതെന്നും അതിൽ എത്രപേരെയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും അറിയിക്കാമോ; | സി) | ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ 337416 ഭൂരഹിത ഭവനരഹിതരായി കണ്ടെത്തി. ഇതിൽ നാളിതുവരെ രേഖാപരിശോധനയിലൂടെ 106792 പേർ അർഹരായിട്ടുണ്ട്. |
| ഡി) | പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണോ ഫ്ലാറ്റുകൾ നിർമ്മിക്കുന്നത്; എങ്കിൽ അതിന്റെ പ്രത്യേകത എന്താണ്; വ്യക്തമാക്കുമോ; | ഡി) | പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഫ്ളാറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്. വളരെ വേഗത്തിൽ പണിത് തീർക്കാവുന്നതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിടങ്ങളാണ് ലൈഫ് പദ്ധതിയിൽ പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നത്.<br>പ്രളയക്കെടുതികൾ ആവർത്തിക്കുന്നതും |

| | | | |
|---|---|---|---|
| | | | ഉരുൾപൊട്ടൽ വ്യാപിക്കുന്നതിന്റെയും പശ്ചാത്തലത്തിൽ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർമ്മാണം നടത്തുന്നതിനു വേണ്ടിയാണ് പ്രീഫാബ് സാങ്കേതിക . വിദ്യ ഉപയോഗിക്കുന്നതിന് തീരുമാനിച്ചത്. |
| ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും അവർക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ എന്ത് തുകയാണ് നൽകിയതെന്നും വെളിപ്പെടുത്താമോ? | ഇ) | പദ്ധതി നടപ്പിലാക്കുന്നതിനായി കൺസൾട്ടൻറിനെ നിയോഗിച്ചിട്ടുണ്ട്. ടി.ഡി.എൽ.സി.സി.എസ്, ഹാബിറ്റാറ്റ്, സി.ആർ നാരായണറാവു എന്നിവരെയാണ് കൺസൾട്ടൻസികളായി നിയോഗിച്ചിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് ഇനത്തിൽ നാളിതുവരെ 22.70 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ